Sri. E. John Philipose :

(*a*) Yes.

(*b*) Estimates have not been completely prepared, pending the receipt of details of investigation.

ശ്രീ. എ. എം. തോമസ് : ഈ കൊല്ലം പണി തുടങ്ങാൻ ദയവുണ്ടാകുമോ ?

Sri. E. John Philipose : Government have made provision in the next year's Budget.

കടത്തുകാരുടെ കൂലിനിരക്ക്

*൩൫൨. (൨൫) ശ്രീ. എ. കെ. ശങ്കുണ്ണി : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ–വടുതല, എടക്കൊച്ചി–കുമ്പളങ്ങി, എടക്കൊച്ചി–അരൂർ എന്നിവടങ്ങളിലെ കടത്തുവേലക്കാർ യാത്രക്കാരിൽനിന്നും കൂടുതൽ ചാർജ്ജ് വസൂലാക്കിവരുന്ന വിവരം ഗവൺമെണ്ടിനറിയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ആദ്യത്തെ രണ്ടു കടത്തുകളിൽനിന്നും കൂടുതൽ ചാർജ്ജ് വസൂലാക്കുന്നില്ലെന്നാണ് അറിവു്. എടക്കൊച്ചി–അരൂർ കടത്തുകാരൻ കൂടുതൽ ചാർജ്ജ് വസൂലാക്കുന്നു എന്നു പരാതിയുണ്ടാകുകയും അതിലേക്ക വേണ്ട നടപടികൾ നടത്തി പത്തു രൂപാ അയാൾക്കു പിഴയിടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. കെ. ഡീവർ : ഈ പത്തു രൂപാ പിഴയിട്ടതു എന്നാണെന്നു പറയുമോ ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതിപ്പോൾ നിശ്ചയമില്ല.

ശ്രീ. പി. കെ. ഡീവർ : പിഴയിട്ടതിനുശേഷവും പഴയതിതന്നെയാണ് തുടരുന്നതെന്നു ഗവൺമെണ്ടിനു് അറിയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. ടി. ചാക്കോ : ആ സ്ഥലങ്ങളിലെ കടത്തുകാർക്ക് എത്ര ശമ്പളമാണു കൊടുക്കുന്നതെന്നു പറയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : എനിക്കു നല്ല നിശ്ചയമില്ല. കൊച്ചിയിൽ ൨൦ രൂപായാണെന്നു തോന്നുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ഗവൺമെണ്ടിൽനിന്നും ലേലം വിളിച്ചു കൊടുത്തിട്ടുള്ള കടത്തല്ലേ അതു് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതെ.

ശ്രീ. ഈപ്പൻ അറയ്ക്കൽ : അരൂർ-എടക്കൊച്ചി കടത്തുകളിൽ കിടക്കുന്ന വള്ളങ്ങൾക്കു പകരം മോട്ടോർ ലാഞ്ചോ, സ്റ്റീംലാഞ്ചോ ഇട്ടു ആളുകളെ കടത്തുന്നതിനു ദയവുണ്ടാകുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതു വളരെയധികം ചിലവു വരുന്നതാണ്. അതിനെപ്പറ്റി ആലോചിക്കാമെന്നല്ലാതെ ഉടനെ നടപ്പിൽ വരുത്താൻ സാധ്യമുള്ളതല്ല.

റയിൽവെ ലൈനുകളിൽ ലവൽക്രോസുകൾ

*൩൫൩. (൨൯) ശ്രീ. എ. കെ. ശങ്കുണ്ണി : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റയിൽവെ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എടപ്പള്ളി റയിൽവെസ്റ്റേഷൻമുതൽ എറണാകുളം സൗത്തു് റയിൽവെസ്റ്റേഷൻവരെ എത്ര ലവൽക്രോസുകളുണ്ടു് ;

(ബി) വണ്ടികൾ വരുന്നതിനു ൨൫൦, ൩൦൦ മിനിട്ടുകൾമുമ്പെ ഈ ക്രോസുകളിലെ ഗേറ്റുകൾ പൂട്ടിയിടുന്നതിനാൽ വാഹനങ്ങൾക്കും യാത്രക്കാർക്കും വളരെ അസൌകര്യങ്ങളും ബുദ്ധിമുട്ടുകളും നേരിടുന്നുണ്ടെന്നു ഗവൺമെണ്ടിനറിയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് .

(എ) ൧൪.

(ബി) ഇല്ല.

ശ്രീ. പി. കെ. ഡീവർ : മുപ്പതു മിനിട്ടിനുമുമ്പെ അടക്കുന്നില്ലെന്നാണൊ പറഞ്ഞതു്.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതെ. അങ്ങിനെ അടക്കണമെന്നില്ല. That matter was discussed by me with Mr. Ramanujan, General Manager of the South Indian Railway, when he was here last week.

LIBRARY ARCHIVES Kerala Legislative Assembly